Reg. No.................................... (2 Pages) **K 6050**

Name......................................

# FOURTH SEMESTER B.A. DEGREE EXAMINATION, APRIL/MAY 2005

(Restructured Course)

Branch—Malayalam with Mass Communication

Main Paper IV—SAHITYA NIRUPANAM

(2002 admissions)

Time : Three Hours Maximum : 50 Marks

I. ഓരോ വാക്കിൽ ഏതെങ്കിലും പത്ത് ചോദ്യത്തിന് ഉത്തരമെഴുതുക :

1 റിയലിസവും റൊമാൻറിസിസവും തമ്മിലുള്ള സംഘർഷം പ്രകടമാക്കുന്ന മലയാള കാവ്യമേത് ?

2 സി.വി. രാമൻപിള്ളയുടെ നോവലുകളെ ആസ്പദമാക്കി പ്രൊഫ. എൻ. കൃഷ്ണപിള്ള രചിച്ച ഗ്രന്ഥമേത് ?

3 'നളചരിതം' ആട്ടക്കഥയ്ക്ക് ഏ.ആർ. രാജരാജവർമ്മ രചിച്ച വ്യാഖ്യാനത്തിൻെറ പേരെന്ത് ?

4 'തരിശുഭൂമി' (Waste Land) എന്ന വിഖ്യാതഗ്രന്ഥം ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

5 ആനന്ദവർദ്ധനൻ രചിച്ച നിരൂപണ ഗ്രന്ഥമേത് ?

6 "കാമനെന്നിവനെ സ്ത്രീകൾ
കാലനെന്നോർത്തു വൈരികൾ"

—അലങ്കാരമെന്ത് ?

7 'സമത്വവാദി' എന്ന നാടകത്തിൻെറ കർത്താവാര് ?

8 'സാഹിത്യപഞ്ചാനനൻ' എന്ന് അറിയപ്പെടുന്നതാര് ?

9 ജോസഫ് മുണ്ടശ്ശേരി രചിച്ച നോവൽ ഏത് ?

10 'തതം ജഗം ഗം' ഏതു വൃത്തത്തിൻെറ ഗണങ്ങൾ ?

11 കുമാരനാശാൻെറ നാടകീയ സ്വഗതാഖ്യാന രൂപത്തിലുള്ള കാവ്യമേത് ?

12 കുന്തകൻ ആവിഷ്ക്കരിച്ച സാഹിത്യ സിദ്ധാന്തമേത് ?

(10 × ½ = 5 marks)

II. ഓരോന്നും ഒരു ഖണ്ഡികയിൽ (മുപ്പതു വാക്ക് ) കവിയാതെ ഏതെങ്കിലും പത്ത് ചോദ്യത്തിന് ഉത്തരമെഴുതുക :

13 ആരാണ് സഹൃദയൻ ?

14 'സൗന്ദര്യം' എന്ന പദത്തിന് എം.പി. പോൾ നല്കുന്ന വിശദീകരണം എന്ത് ?

15 മനഃശാസ്ത്ര നിരൂപണത്തിൻെറ പരിമിതികൾ വിവരിക്കുക.

16 പ്ലേറ്റോയുടെ കലാസിദ്ധാന്തം വ്യക്തമാക്കുക.

17 അർത്ഥാന്തരന്യാസം എന്ന അലങ്കാരത്തിൻെറ ലക്ഷ്യലക്ഷണങ്ങൾ എഴുതി വിവരിക്കുക.

18 വ്യഞ്ജനാ വ്യാപാരം എന്നാലെന്ത് ?

19 നാച്ചുറലിസം എന്നാലെന്ത് ?

20 രൂപ ഭദ്രതാവാദം എന്തെന്ന് വിവരിക്കുക.

Turn over

21 'കൃതികൾ മനുഷ്യ കഥാനുഗായികൾ' എന്ന പ്രസ്താവം എന്താണ് അർത്ഥമാക്കുന്നത് ?

22 പത്രപ്രവർത്തന രംഗത്ത് സ്വദേശാഭിമാനി നല്കിയ സംഭാവനകൾ ഏവ ?

23 സാഹിത്യകല മറ്റെല്ലാ കലകളേയും ഉൾക്കൊള്ളുന്നു—ശരിയോ ?

24 പച്ച മലയാള പ്രസ്ഥാനം എന്നാലെന്ത് ?

(10 × 1 = 10 marks)

III. ഒരു പേജിൽ (നൂറു വാക്ക് ) കവിയാതെ **പത്ത്** ചോദ്യത്തിന് ഉത്തരമെഴുതുക :

25 പുതിയ സന്ദർഭത്തിലുള്ള പഴയ സീതയാണ് കുമാരനാശാൻെറ നായിക—അഴീക്കോടിൻെറ അഭിപ്രായം പരിശോധിക്കുക.

26 വൈദർഭീ രീതിയുടെ സവിശേഷതകൾ എന്തെല്ലാം ?

27 കാല്പനികതയുടെ അപചയ കാരണങ്ങൾ എന്തെല്ലാം ?

28 ധ്വനികാവ്യം എന്നാൽ എന്ത് ?

29 ഘടനാവാദത്തിൻെറ പ്രാധാന്യമെന്ത് ?

30 പൗരസ്ത്യരുടെ രീതിയും പാശ്ചാത്യരുടെ style-ഉം തമ്മിലുള്ള വ്യത്യാസമെന്ത് ?

31 കടംകൊണ്ട സിദ്ധാന്തങ്ങളുടെ ബലത്തിലാണ് മലയാള നിരൂപണം നിലനില്ക്കുന്നത് —പരിശോധിക്കുക.

32 സിംബലിസം എന്നാലെന്ത് ?

33 കാവ്യഹേതുക്കൾ ഏവ ? വിവരിക്കുക.

34 പാത്രാവിഷ്ക്കരണത്തിൽ പൗരസ്ത്യ പാശ്ചാത്യ രീതികളെക്കുറിച്ച് മുണ്ടശ്ശേരി എന്താണ് അഭിപ്രായപ്പെടുന്നത് ?

35 രാവണായനത്തിലൂടെയുള്ള പ്രസ്ഥാനത്തിൽ ശ്രീരാമന് പൊതുവെ വിജയം സിദ്ധിച്ചു ; സീതായനത്തിൽ പൊതുവെ പരാജയവും—അഴീക്കോടിൻെറ അഭിപ്രായം വിവരിക്കുക.

36 "വ്യവസ്ഥകളെല്ലാം ശിഥിലം പ്രധാനം ഗാനരീതി താൻ"—വിവരിക്കുക.

(10 × 2½ = 25 marks)

IV. മൂന്നു പുറത്തിൽ (മുന്നൂറു വാക്ക് ) കവിയാതെ ഉത്തരമെഴുതുക :

37 "വിചിന്തനം, വിമർശനം, വിനിന്ദനം, വിഭാവനം എന്നീ നാല് ഘടകങ്ങളിലൂടെയാണ്, സീതയുടെ വിചാരകല്ലോലിനി പ്രവഹിക്കുന്നതെന്ന സുകുമാർ അഴീക്കോടിൻെറ നിഗമനം മനഃശാസ്ത്രപരമായ അപഗ്രഥനത്തിൻെറ മികച്ചൊരു നേട്ടമാണ് "—'ആശാൻെറ സീതാകാവ്യം' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

കുമാരനാശാൻെറ സീതയെ സ്വയം സാക്ഷാൽക്കരിച്ച ഒരു പ്രതീതി വായനക്കാരിലുണ്ടാക്കാൻ 'ആശാൻെറ സീതാകാവ്യം' എന്ന ഗ്രന്ഥത്തിന് സാധിച്ചു. ഉപന്യസിക്കുക.

38 ഭരതൻെറ രസസൂത്രം വ്യാഖ്യാനിച്ച് രസനിഷ്പത്തിയെക്കുറിച്ചുള്ള മതഭേദങ്ങൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

സംസ്ക്കാരവും സാഹിത്യവും അപഗ്രഥിക്കാൻ ഘടനാവാദം (Structuralism) എങ്ങനെ ഉപയോഗിക്കുന്നു ?

(2 × 5 = 10 marks)